# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3727

20..10..2016 -ൽ മറുപടിയ്ക്ക്

## ഐ.എച്ച്.ആർ.ഡി. അദ്ധ്യാപകരുടെ ദിവസവേതനം

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീ. മുരളി പെരുനെല്ലി | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ ദിവസ വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്ലസ് ടു ഗസ്റ്റ് അദ്ധ്യാപകർക്ക് ജൂനിയർ, സീനിയർ പോസ്റ്റു കളിൽ നൽകുന്ന വേതനം എത്ര യാണെന്ന് വ്യക്ത മാക്കാമോ; | |
| (സി) ഐ.എച്ച്.ആർ.ഡി. -യുടെ കീഴിൽ കുറഞ്ഞ വേതനത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് മറ്റു അദ്ധ്യാപകർക്ക് നൽകുന്ന വേതനം നൽകാൻ നടപടികൾ സ്വീകരിക്കുമോ? | (സി) വേതനം വർദ്ധിപ്പിക്കുന്നത് ഐ.എച്ച്.ആർ.ഡി.യുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയിൻമേൽ സർക്കാരിന്റെ അംഗീകാരത്തോടുകൂടിയാണ്. നിലവിലെ വേതനത്തിൽ വർദ്ധനവ് വരുത്തുന്നതിനുള്ള ശുപാർശകൾ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

Reelk

*സെക്ഷൻ ഓഫീസർ*

# അനുബന്ധം

ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ താൽക്കാലിക അദ്ധ്യാപകരുടെ തസ്തികകൾ ജൂനിയർ/സീനിയർ എന്ന് തരംതിരിച്ചിട്ടില്ല. ജോലി ഭാരത്തിന്റെ അടിസ്ഥാനത്തിൽ ഇവരെ ഫുൾ-ടൈം/പാർട്ട്-ടൈം ആയി ക്രമപ്പെടുത്തിയിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി. -യുടെ കീഴിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ അദ്ധ്യാപകർക്ക് അവർ പ്രവർത്തിയെടുക്കുന്ന സമയത്തിന്റെ (മണിക്കൂർ) അടിസ്ഥാനത്തിൽ, പ്രതിമാസം വേതനം നൽകിവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | ഗസ്റ്റ് ലക്ചറർ ഇൻ എഞ്ചിനീയറിംഗ് സബ്ജക്ട്/ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | താൽക്കാലിക-ഫുൾ-ടൈം അദ്ധ്യാപകരിൽ ആഴ്ചയിൽ 6 ദിവസം ജോലി നോക്കുന്നവർക്ക് 13,000 രൂപയും ആഴ്ചയിൽ 5 ദിവസം ജോലി നോക്കുന്നവർക്ക് 12,000 രൂപയും പ്രതിമാസം നൽകുന്നു. | മണിക്കൂർ അടിസ്ഥാനത്തിൽ ജോലി നോക്കുന്നവർക്ക് മണിക്കൂറിൽ 150 രൂപ എന്ന നിരക്കിൽ ഒരുമാസം പരമാവധി 9,500 രൂപ വരെ നൽകുന്നു. |
| 2. | ഗസ്റ്റ് ലക്ചറർ ഇൻ ആർട്സ് & സയൻസ് | ആഴ്ചയിൽ 6 ദിവസം ജോലി നോക്കുന്നവർക്ക് 12,000 രൂപയും ആഴ്ചയിൽ 5 ദിവസം ജോലി നോക്കുന്നവർക്ക് 11,000 രൂപയും പ്രതിമാസം നൽകുന്നു. | മണിക്കൂറിൽ 150 രൂപ എന്ന നിരക്കിൽ ഒരുമാസം പരമാവധി 9,000 രൂപ വരെ നൽകുന്നു. |
| 3. | കമ്പ്യൂട്ടർ പ്രോഗ്രാമർ | ദിവസം 410 രൂപ എന്ന നിരക്കിൽ ഒരുമാസം പരമാവധി 9,500 രൂപ വരെ നൽകുന്നു. | മണിക്കൂറിൽ 120 രൂപ എന്ന നിരക്കിൽ ഒരുമാസം പരമാവധി 7,500 രൂപ വരെ നൽകുന്നു. |
| 4. | ഡെമോൺസ്ട്രേറ്റർ | ദിവസം 410 രൂപ എന്ന നിരക്കിൽ ഒരുമാസം പരമാവധി 9,000 രൂപ വരെ നൽകുന്നു. | മണിക്കൂറിൽ 120 രൂപ എന്ന നിരക്കിൽ ഒരുമാസം പരമാവധി 7,500 രൂപ വരെ നൽകുന്നു. |

Reef

*സെക്ഷൻ ഓഫീസർ*